പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 460 06-02-2014-ൽ മറുപടിയ്ക്ക്

## അക്രമപ്രവർത്തനങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) രാഷ്ട്രീയവുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ സംഘടിത അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെയും അതിന് നേതൃത്വമോ, പ്രേരണയോ നൽകുന്നവരെയും കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്വതന്ത്രമായ ജനാധിപത്യഭരണ രീതി നിലനിൽക്കുന്ന സംസ്ഥാനത്ത് നിരന്തരം ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ കർശനമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങളിന്മേൽ കുറ്റക്കാർക്കെതിരെ പോലീസ് കർശനമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി സാധ്യമായ എല്ലാ നടപടികളും പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) പ്രസ്തുത വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ജനാധിപത്യ മൂല്യത്തിലധിഷ്ടിതമായ ജീവിതക്രമത്തിന് ജനങ്ങളെ പ്രാപ്തരാക്കാൻ ഉതകുംവിധം സ്കൂൾതലം മുതലുള്ള വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയിലൂടെ വിദ്യാർത്ഥികൾക്കിടയിൽ അവബോധം വളർത്തുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ